HLM-0060

The Heavenly Light Ministry

സ്തോത്രഗീതം പാടുക നീ മനമേ
കർത്തൻ ജയം നൽകീടും നിശ്ചയമേ

1. താഴ്ചയിലെന്നെ ഓർത്തവനെ
വീഴ്ചയെന്യേ കാത്തവനെ
കാഴ്ചയാലല്ല വിശ്വാസത്താലെ
വാഴ്ചയേകി നിത്യം ചേർത്തവനെ സ്തോത്ര....

2. ശത്രുവിൻ തല തകർത്തവനെ
മാത്രയിൽ ജയം തന്നവനെ
ശത്രു മുമ്പാകെ മേശയൊരുക്കും
മിത്രനാമേശുവേ സ്തുതി മനമേ സ്തോത്ര....

3. കഷ്ടവും മഹാ ശാസനയും - നിന്ദയമുള്ള ദിനവുമിതേ
ഉള്ളം കലക്കും കള്ളസഹോദരർ
ഭള്ളുര ചെയ്യുകിലെന്തു ഭയം സ്തോത്രം....

4. ഒന്നിലും പതറീടരുതേ - കണ്ണുനീരിൻ വഴി പോയീടിലും
മന്നരിൽ മന്നവൻ നിന്നോടുകൂടെ
എന്നുമവൻ നിന്നെ വഴി നടത്തും സ്തോത്ര....

5. പാറയിൽ നിന്നു തേൻ പൊഴിയും
ജീവനീരിൽ നിന്നും കുടിക്കും-മരുഭൂപ്രയാണം കഴിയുംവരെയും
മറയ്ക്കുമവൻ നിന്നെ ചിറകടിയിൽ സ്തോത്ര....

6. ആശിച്ചദേശം കാണുകയായ്
ക്ലേശമഖിലവും നിങ്ങുകയായ്
യേശുമണാളൻ ചേർത്തിടും വേഗം
മാശില്ലാ മണവാട്ടിയായ നിന്നെ സ്തോത്ര..